

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



Vol. 1 No. 22 | THE ONLINE OFFICIAL NEWS BULLETTIN | 2018 May 31

SEASON OF PENTECOST **പെന്തിക്കോസ്തികാലം**

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
8 27 1st Sunday after Pentecost	4 28	8 29	4 30	8 31	JUNE 4 1	8 2


മലങ്കര ഓർത്തഡോക്സ് സഭ കുടുംബക്ഷേമ പദ്ധതി ഉദ്ഘാടനം ചെയ്തു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സേവനവിഭാഗമായ ആർദ്രയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ആഹാരത്തിന് ബുദ്ധിമുട്ടുന്ന ആയിരം കുടുംബങ്ങൾക്ക് ആഹാരം എത്തിയ്ക്കുന്നതിനായുള്ള കുടുംബക്ഷേമ പദ്ധതിയുടെ ഉദ്ഘാടനം പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ദേവലോകം കാതോലിക്കേറ്റ് അരമന ഓഡിറ്റോറിയത്തിൽ ആർദ്ര പ്രസിഡൻറ് യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 100 കുട്ടികൾക്ക് പാഠ്യോപകരണങ്ങൾ വിതരണം ചെയ്തു.

അലസന്മാരെയും മടിയന്മാരെയും തേടി സഹായം എത്തുകയില്ലെന്നും തന്നാലാവുന്ന വിധം അദ്ധ്വാനിക്കുന്നവർക്കാണ് ദൈവാനുഗ്രഹം ഉണ്ടാകുന്നതെന്നും എന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. അവസരം ലഭിച്ചിട്ടും നന്മ ചെയ്യാതിരിക്കുന്നത് പാപമാണെന്നും നന്മ ചെയ്യാനും നന്മ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുവാനും എല്ലാവർക്കും കടമയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആഗ്ലിക്കൻ ബിഷപ്പ് റൈറ്റ് റവ. ഡേവിഡ് ലൂക്കോസ്, ഫാ. മോഹൻ ജോസഫ്, ഫാ. എം.റ്റി കുര്യൻ, ഫാ. കെ. വൈ വിൽസൺ, ആർദ്ര സെക്രട്ടറി അഡ്വ. ഡോ. ഐസക്ക് പാമ്പാടി, തോമസ് കുതിരവട്ടം എക്സ്.എം.പി, പ്രൊഫ. പി.സി. ഏലിയാസ്, ജോൺസൺ കൈപ്പള്ളി, പ്രൊഫ. ജോൺ മാത്യൂ, കെ. കുര്യൻ എന്നിവർ പ്രസംഗിച്ചു.



മദർ സൂസൻ കുരുവിള നിര്യാതയായി



കണ്ടനാട്: മാർ ഗ്രിഗോറിയോസ് ആശ്രമം സ്ഥാപകയും സുപ്പീരിയറുമായ മദർ സൂസൻ കുരുവിള കർത്താവിൽ നിദ്ര പ്രാപിച്ചു. ഇന്ന് രാവിലെയായിരുന്നു അന്ത്യം. മലങ്കര ഓർത്തഡോക്സ് സഭയുടെ സന്യാസി ദയറ പ്രസ്ഥാനങ്ങൾക്ക് ഏറെ ശ്രേഷ്ഠകരമായ സംഭാവനകൾ നൽകിയ മദർ തിരുവല്ല സ്വദേശിനിയാണ്.

മേയ് 30-ന് ഭൗതികശരീരം മാർ ഗ്രിഗോറിയോസ് ആശ്രമം ചാപ്പലിൽ പൊതുദർശനത്തിന് വച്ചു. 31-ന് വൈകിട്ട് 3 മണിക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിൽ ശവസംസ്കാര ശുശ്രുഷകൾ നടത്തി. തുടർന്ന് ആശ്രമം ചാപ്പലിനോട് ചേർന്ന് തയ്യാറാക്കിയിരിക്കുന്ന പ്രത്യേക കല്ലറയിൽ സംസ്ക്കരിച്ചു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



വേദനാദം



വിമോചകരുടെ കാവൽക്കാരൻ

പെന്തികോസ്തിക്ക് ശേഷം ഒന്നാം ഞായർ

വി. ലൂക്കോസ് 7:27-35

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

"The only safe way to overcome an enemy is to make the enemy as friend" എന്ന് മഹാത്മഗാന്ധി എഴുതിയിട്ടുണ്ട്. ലോകത്തിന്റെ സംഘടിത സന്നാഹങ്ങളെ കവിയുന്ന വീക്ഷണങ്ങളെ ശത്രുതാമോനഭാവത്തോടെ വീക്ഷിക്കുകയെന്നത് സാധാരണയനുഭവം മാത്രമാണ്. യോഹന്നാൻ മാംദാനയും മശിഹാതമ്പുരാനും രണ്ട് വ്യതിരക്ത ജീവിതശൈലിയിലൂടെ ഇസ്രായേലിനു വെളിപ്പെട്ടവരാണ്. എന്നാൽ പ്രവാചകന്മാരെ കല്ലെറിഞ്ഞവരുടെ പിൻഗാമികൾക്ക് അതിനെ ഉൽക്കർഷത്തോടെ ഉൾകൊള്ളുവാൻ ആവില്ലായിരുന്നു.

യോഹന്നാന്റെ ശിഷ്യന്മാർ യേശുവിനെ കാണെനെത്തിയതിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന സംഭാഷണമുഹർത്തങ്ങളാണിത്. പെന്തികോസ്തിക്ക് ശേഷം ക്രിസ്തുവിനെ പിൻപറ്റുവാനുതകുന്ന തിരുവചനഭാഗങ്ങളാണ് ആവർത്തിച്ച് വായിക്കപ്പെടുക. ഈ ഭാഗത്ത് ചില സന്ദേശമുഖങ്ങളാണ് കുറിക്കുന്നത്.

1. ചെറിയവനായ യൂഹാനോൻ മാംദാനയുടെ മഹിമ

കർത്താവ് യൂഹാനോൻ മാംദാനയെ ശരിയായി അടയാളപ്പെടുത്തി. ലൂക്കോ 1.66ൽ പറയുന്നതുപോലെ *കർത്താവിന്റെ കരം അവനോട് കൂടെയുണ്ടയിരുന്നുവെന്നതിന്റെ* കൃത്യമായ അടയാളമായിരുന്നു അത്. തെന്നിന്ത്യൻ സംസ്ക്കാരത്തിൽ മുറ്റം വെടിപ്പാക്കി അരിമാവുകൊണ്ട് കോലെ വരയ്ക്കുന്നതുപോലെ ആയിരുന്നു അത്. ദേവകൾക്ക് ഭവനത്തിലേക്ക് സ്വാഗതമെന്ന് അത് ഓർമ്മിപ്പിച്ചിട്ടുണ്ടായിരുന്നു.

ഓർത്തഡോക്സ് പാരമ്പര്യങ്ങളിൽ ദൈവമാതാവിനു ശേഷം യൂഹാനോൻ മാംദാനയെ അനുസ്മരിക്കുന്ന ഒരു പാരമ്പര്യമുണ്ട്. മറിയംദാലേത്തോക്ക്.... എന്ന് കുർബ്ബാനയുടെ പരസ്യപ്രാരംഭത്തിലെ പ്രാർത്ഥനയിൽ ഇത് കാണാം.

എല്ലാവരും ചിലത് കൊടുത്തു/ചിലരോ എല്ലാം കൊടുത്തുവെന്ന ചൊല്ല് സ്നാപകന്റെ കാര്യത്തിൽ പരമാർത്ഥമായി. കർത്താവിന്റെ കാലത്തോടെ പഴയനിയമം മാറുന്നുവെങ്കിലും ആ കാലത്തിന്റെ ഏറ്റവും മഹത്തവമുള്ള വ്യക്തിത്വമായിരുന്നു യോഹന്നാൻ. ***അവൻ തിരഞ്ഞെടുക്കപ്പെട്ടവൻ*** എന്ന് അവന്റെ പിതാവു തന്നെയും സാക്ഷിച്ചിരുന്നു. മറ്റുള്ളവരെക്കാൾ പ്രകാശിതമായ ജീവിതമായി യൂഹാനോൻ മാംദാന മാറുന്നത് ഇവിടെ വ്യക്തമാണ്. വിമോചകനാകുനുള്ള ദൈവവിളിക്ക് സമർപ്പിതമായി എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

2. ദൈവം വിമോചകരുടെ കാവലും സാക്ഷിയുമായിരിക്കും:

ദൈവത്തിന്റെ ഭുജങ്ങളായി തീർന്നവരാണ് വിമോചകരായ വിപ്ലവകാരികൾ. അവരുടെ പ്രവൃത്തനങ്ങൾക്ക് സാക്ഷ്യവും മഹത്ത്വവും നൽകുന്നത് ചരിത്രനാഥനായ ദൈവം തന്നെ. യോഹന്നാൻ മാംദാനയുടെ പ്രവൃത്തനങ്ങലെ യേശു സർവ്വാത്മാന നൽകുന്ന പിന്തുണ ഇത് സൂചിപ്പിക്കുന്നു.

7:31-34 വരെയുള്ള ഭാഗങ്ങളിൽ സൂചിപ്പിക്കുക ആ സമൂഹത്തിലെ കുട്ടികളുടെ ഒരു വിനോദമായ കളിയാണ്. ഒരു വിഭാഗം കുട്ടികൾ സംഗീതജ്ഞരെ അനുകരിക്കുകയും മരുവിഭാം കുട്ടികൾ അതിനു അനുഗുണമായ സംഗീതം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇതാണ് ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി.. എന്നീ വാക്കുകൽ സൂചിപ്പിക്കുക. ദൈവരാജ്യത്തെ ഉൽഘോഷിച്ച യോഹന്നാനോടും കർത്താവിനോടുമുള്ള അവഗണനയെ ഇത് സൂചിപ്പിക്കുകയാണ്. യോഹന്നാന്റെ സന്യസ കാഠിന്യത്തോടും കർത്താവിന്റെ കരുണയും സന്തോഷവുമെല്ലാം അവർ നിരസിച്ചുവെന്ന് സാരം.



ചില കാര്യങ്ങളോടും സമീപനത്തോടുമുള്ള നമ്മുടെ സമീപനത്തെ വിശകലനം ചെയ്യുവാൻ ഇത് ഉപയോഗിക്കണം. നിരാകരണത്തിന്റെയും നിശിതവിമർശനങ്ങളുടെയും ലോകത്ത് ഇതൊരു ശുദ്ധീകരണ ഉപാധിയായ സംഭവമായി നമുക്ക് ഉപയോഗിക്കാം. കർത്താവ് ജീവിച്ച കാലവും സാഹചര്യങ്ങളും സംഭവങ്ങളും നമ്മെ വിശകലനം ചെയ്യുന്ന സാമൂഹ്യോപാധിയാകട്ടെ.

കുമ്പിടീൽ ആരാധനയിൽ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

? ഞായറാഴ്ച ദിവസങ്ങളിൽ കുമ്പിടാത്തത് എന്തുകൊണ്ട്?

☐ ഞായറാഴ്ച മാത്രമല്ല മോറോനോയോ (പ്രധാന) പെരുന്നാളുകളിലും ഉയിർപ്പ് മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലും വി. കുർബ്ബാന മദ്ധ്യേയും കുമ്പിടേണ്ടതില്ലെന്നാണ് നിർദ്ദേശം.

കുമ്പിടീൽ (സാഷ്ടാംഗ പ്രണാമം) അനുതാപത്തിന്റെ അനുഷ്ഠാനമാകുന്നു. എന്നാൽ ഞായറാഴ്ചയും മോറോനോയോ പെരുന്നാളും ഉത്സവദിനങ്ങളത്രെ. സന്തോഷമാണ് ഈ ദിവസങ്ങളുടെ അടിസ്ഥാന ഭാവം. അതുകൊണ്ട് കുമ്പിടീൽ വേണ്ടെന്ന് സഭ നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് എല്ലാ പെരുന്നാളുകളിലും വലിയ പെരുന്നാളത്രെ. എല്ലാ ഞായറാഴ്ചയും ഉയിർത്തെഴുന്നേൽപ്പിന്റെ ഓർമ്മയാണ് സഭ പുതുക്കുന്നത്. ഉയിർപ്പിന്റെ സന്തോഷം ഞായറാഴ്ച ദിവസങ്ങളിലും ഉയിർപ്പ് ഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും നിറഞ്ഞു നിൽക്കുന്നു. പ്രധാന പെരുന്നാൾ ദിനങ്ങളിലും ഇതേ ഭാവം തന്നെയാണ് നിറഞ്ഞു നിൽക്കുന്നത്. എല്ലാ പെരുന്നാളുകളിലും അനുതാപത്തോടെയാണ് നാം സംബന്ധിക്കുന്നത്. അനുതാപത്തിന്റെ പ്രാർത്ഥനകൾ ചൊല്ലി നുറുങ്ങിയ ഹൃദയത്തോടെ പെരുന്നാളുകളിൽ സംബന്ധിക്കുന്നതിന് നാം ഒരുങ്ങുന്നു. എന്നാൽ ഞായറാഴ്ചകളുടെയും പ്രധാന പെരുന്നാളുകളുടെയും മുഖ്യമായ ഭാവം സന്തോഷത്തിന്റേതാണ്. ആയതിനാൽ ഈ ദിനങ്ങളിൽ കുമ്പിടേണ്ടതില്ല എന്ന് സഭ നിർദേശിക്കുന്നു. ഞായറാഴ്ചയും മോറോനായോ പെരുന്നാളുകളിലും ഉയിർപ്പുഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും കുമ്പിടേണ്ടതില്ലെന്ന് അനുശാസിക്കുന്നതിന് മറ്റൊരു കാരണവും കൂടിയുണ്ട്. ഈ ദിനങ്ങളെല്ലാം ഉയിർത്തെഴുന്നേല്പിന്റെ ഓർമ്മയാണ് പുതുക്കുന്നതെന്ന് ഓർമ്മിപ്പിച്ചുവല്ലോ. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ശാരീരികനിലയും നിന്നുകൊണ്ടുള്ള ആരാധനയും തമ്മിൽ ശാരീരികതലത്തിൽ പരസ്പരം പൊരുത്തപ്പെട്ടിരിക്കുന്നു.

വി. കുർബാന അനുഭവിക്കുമ്പോൾ മുട്ടുകുത്തുന്ന പതിവ് പാശ്ചാത്യ സഭകളിലുണ്ട്. മധ്യകാല യുഗങ്ങളിൽ (12 മുതൽ 15 വരെ നൂറ്റാണ്ടുകൾ) പാശ്ചാത്യ സഭയിൽ ആവിർഭവിച്ചതാണ് ഈ പതിവ്. ആദിമ സഭയിൽ (പാശ്ചാത്യ സഭയിലും പൗരസ്ത്യ സഭയിലും) മുട്ടുകുത്തി വി. കുർബാന അനുഭവിക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. പൗരസ്ത്യ സഭകൾ ഈ പാരമ്പര്യം ഇന്നും നിലനിർത്തിപ്പോരുന്നു. എല്ലാ പൗരസ്ത്യസഭകളിലും പുരോഹിതരായാലും വിശ്വാസികളായാലും നിന്നുകൊണ്ടാണ് വി. കുർബാന അനുഭവിക്കുന്നത്. ഇവിടെയെല്ലാം കർത്താവിന്റെ ഉയിർത്തെഴുന്നേല്പിന്റെ സന്തോഷത്തോടെ ആരാധനയിൽ സംബന്ധിക്കുകയും വി. കുർബാന അനുഭവിക്കുകയും ചെയ്യണമെന്ന തത്വം സഭ സ്വീകരിച്ചിരിക്കുന്നുവെന്ന് കാണാം.

? വി. കുർബാനാനുഭവത്തിന് ശേഷം അന്നു തന്നെ കുമ്പിടാൻ പാടുണ്ടോ? മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കാമോ?

☐ കുമ്പിടുന്നതും മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതും പ്രധാനമായും അനുതാപത്തിന്റെയും ആത്മതപനത്തിന്റെയും ഭാഗമാണ്. എന്നാൽ ആഹ്ലാദമാണ് വി. കുർബാനയുടെ അടിസ്ഥാനഭാവം. അതുകൊണ്ട് വി. കുർബാനാനുഭവത്തിന് ശേഷം കുമ്പിടുന്നതും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതും പൊതുആരാധനയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ വി. കുർബ്ബാന അനുഭവിക്കുന്നതു തന്നെ നിന്നുകൊണ്ടാണ്. ഇത് പുരാതനകാലം മുതലുള്ള സഭയുടെ പാരമ്പര്യമാണ്. വി. കുർബ്ബാനാനുഭവത്തിനു ശേഷം മാത്രമല്ല വി. കുർബ്ബാനയുടെ അനുഷ്ഠാന സമയത്തും ആരാധക സമൂഹം കുമ്പിട്ടോ മുട്ടിന്മേൽ നിന്നോ പ്രാർത്ഥിക്കുന്ന രീതി ഓർത്തഡോക്സ് പാരമ്പര്യത്തിലില്ല. ഇതും മുൻപറഞ്ഞ കാരണംകൊണ്ട് തന്നെയാണ്.

എന്നാൽ അതേസമയം വി. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതൻ വി. കുർബ്ബാനാനുഷ്ഠാനത്തോടനുബന്ധിച്ച് നാലു പ്രാവശ്യം മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നുണ്ട്. മൂന്നു പ്രാവശ്യം രഹസ്യമായും ഒരു പ്രാവശ്യം പരസ്യമായും. ഒരുക്കശുശ്രൂഷയുടെ സന്ദർഭത്തിലും വി. കുർബാന അനുഭവത്തിന് തൊട്ടു മുമ്പും വി. കുർബാനയുടെ അന്ത്യത്തിലും പുരോഹിതൻ രഹസ്യമായി മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപ്രമാണം കഴിഞ്ഞ് വി. ത്രോണോസിന്റെ പദവിയിൽ നിന്നുകൊണ്ട് വി. കുർബ്ബാനയുടെ പ്രധാനഭാഗം ആരംഭിക്കുന്നതിന് മുമ്പ് പുരോഹിതൻ പരസ്യമായും മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ജനത്തിന് മുഴുവനുംവേണ്ടി മദ്ധ്യസ്ഥത അണച്ചുകൊണ്ടും അതിനായി തന്നെ പ്രാപ്തനാക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുമാണ് പുരോഹിതൻ ഈ സമയം പ്രാർത്ഥിക്കുക. എന്നാൽ ഈ സന്ദർഭങ്ങളിലെല്ലാം ജനങ്ങൾ നിന്നുകൊണ്ടു തന്നെയാണ് പ്രാർത്ഥിക്കുന്നത്. ചുരുക്കത്തിൽ വി. കുർബാനയുടെ സന്ദർഭത്തിലും വി. കുർബാന അനുഭവിച്ചതിനുശേഷം അന്നും കുമ്പിടുന്നതും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതും പൊതു ആരാധനയിൽ വേണ്ടതില്ല എന്നാണ് സഭയുടെ നിയമം. എന്നാൽ ജനങ്ങളുടെ പ്രതിനിധിയായി ദൈവസന്നിധിയിൽ മുട്ടുകുത്തി മദ്ധ്യസ്ഥത അണയ്ക്കുന്നതിന് പുരോഹിതന് വിശേഷാൽ അധികാരവും നൽകിയിരിക്കുന്നു.

കാനോനിക നമസ്കാരങ്ങൾ

ഡോ. മാത്യൂസ് മാർ തീമോത്തിയോസ്

ഒരു ക്രിസ്ത്യാനി എപ്പോഴും നടത്തേണ്ട ശുശ്രൂഷയാണ് പ്രാർത്ഥന. പൗലോസ് അപ്പോസ്തലൻ പറയുന്നത് ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നാണ്. എല്ലാ യാമങ്ങളും മനുഷ്യ സൃഷ്ടിയുടെ ശുദ്ധികരണത്തിനായി ക്രമീകരിച്ചിരിക്കുന്നു. മനുഷ്യനും പ്രപഞ്ചത്തിനുമായി നാം പ്രാത്ഥിക്കുന്നു. നമ്മുടെ കാനോനിക നമസ്കാരങ്ങൾ സർവ്വ സൃഷ്ടിയേയും സമർപ്പിച്ചുള്ളതാണ്. ദൈവസ്നേഹത്തിന്റെ പ്രതിസ്പന്ദനമാണ് പ്രാർത്ഥന. ആയതിനാൽ ഓരോ നിമിഷവും നാം നന്ദി അർപ്പിക്കണം. സഭാ കാനോനിക നമസ്കാരങ്ങൾ ക്രമീകരിച്ചിരിക്കുന്നത് മനുഷ്യന്റെ നൻമയ്ക്കായിട്ടാണ്. അതിനായി പ്രത്യേക സമയം നാം മാറ്റി വെയ്ക്കുന്നുണ്ട്. പ്രാർത്ഥനകൾ എല്ലാം നമ്മുടെ സ്നേഹ പ്രകടനമാണ്. ദൈവകരുണയിലാണ് ജീവിക്കുന്നത് എന്ന ഓർമ്മപ്പെടുത്തലും ദൈവത്തിന് നന്ദി പറയുന്നതുമാണ് പ്രാർത്ഥന. ദൈവകൃപയ്ക്കനുസരിച്ച് നാം ജീവിക്കുന്നു എന്ന പ്രകടനമാണ് പ്രാർത്ഥന. It's a Symbol of our humility. ദൈവത്തിലുള്ള നമ്മുടെ ആശയബോധം വെളിവാക്കുന്നു. നമ്മുടെ അഹങ്കാരത്തെ നിയന്ത്രിക്കാൻ കഴിയുന്നതാണ് പ്രാർത്ഥന. ദൈവത്തിൽ നാം ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നു.

യാമപ്രാർത്ഥനകൾ

സങ്കീ: 119:164-ൽ ഇപ്രകാരം പറയുന്നു. നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കും. ദാവീദ് ഏഴു നേരം പ്രാർത്ഥിച്ചിരുന്നതായി നാം കാണുന്നു. ഇതിനൊക്കെ യഹൂദ പശ്ചാത്തലുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ആരാധന 7 യാമങ്ങളായി ക്രമീകരിച്ചിരിക്കുന്നത്. 7 പൂർണതയുടെ സംഖ്യയായി യഹൂദന്മാർ കണക്കാക്കിയിരിക്കുന്നു. 7 നേരത്തേ പ്രാർത്ഥന-ആഴ്ചയ്ക്ക് 7 ദിവസം എന്ന പൗരാണിക കണക്കും ഉണ്ട്. സൃഷ്ടി കർമ്മത്തിൽ 6 ദിവസം സൃഷ്ടിച്ചു. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതിലും ഏഴിന്റെ കണക്ക് ഉണ്ട്.

ഓർത്തഡോക്സ് വിശ്വാസമനുസരിച്ച് ദിവസത്തിൽ 7 തവണ പ്രാർത്ഥിക്കുന്നതിനായി 7 യാമങ്ങളായി ഒരു ദിവസത്തെ ക്രമീകരിച്ചിരിക്കുന്നു. സങ്കീ 119:164: “നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴ് പ്രാവശ്യം നിന്നെ സ്തുതിക്കും.”

സന്ധ്യായാമത്തിൽ തുടങ്ങി ഒമ്പതാം മണിയോട് (3 pm) കൂടി അവസാനിക്കുന്ന ഒരു പ്രാർത്ഥനാക്രമീകരണമാണ് യാമ പ്രാർത്ഥനയിൽ ഉള്ളത്. സന്ധ്യാ, സൂത്താറ, രാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി, ഒമ്പതാം മണി എന്നിവയാണ് 7 യാമങ്ങൾ. ഇതനുസരിച്ച് തലേദിവസം സന്ധ്യയോടുകൂടിയാണ് ഒരു ദിവസം ആരംഭിക്കുന്നത്. ഇത് സുറിയാനി പ്രാർത്ഥനാക്രമമനുസരിച്ചാണ് ഉടലെടുക്കുന്നത്. എല്ലാ യാമങ്ങളും കർത്താവിന്റെ കഷ്ടാനുഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു.

രാത്രി - കർത്താവിന്റെ ബന്ധനം
പ്രഭാതം - കർത്താവിന്റെ വിസ്താരം
മൂന്നാം മണി - വിധി പ്രസ്താവിക്കുന്നു
ആറാം മണി - ക്രൂശിൽ തറയ്ക്കുന്നു.
ഒമ്പതാം മണി - ക്രിസ്തു പ്രാണനെ വെടിയുന്നു
സന്ധ്യ - കർത്താവിന്റെ ശരീരം കുരിശിൽ നിന്നിറക്കുന്നു
സൂത്തറ - കബറടക്കുന്നു.

ഈ പ്രാർത്ഥനകൾ എല്ലാം അതത് യാമങ്ങളിൽ നടത്താൻ കഴിയുന്നത് നല്ലത്. എങ്കിലും സൗകര്യാർത്ഥം മൂന്നു യാമങ്ങളായി നടത്താം. രാത്രിയും, പ്രഭാതവും ഒന്നിച്ച്, മൂന്നാം മണിയും, ആറാം മണിയും ഒന്നിച്ച്, ഒമ്പതാം മണിയും, സന്ധ്യയും സൂത്താറയും ഒന്നിച്ചു നടത്താം.

കൗമാ

കൗമാ എന്നാൽ നിൽപ്പ് എന്നാണ് അർത്ഥം. ത്രിത്വസ്തുതി മുതൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! വരെയാണ് കൗമാ. കൃപ നിറഞ്ഞ മറിയമേ... എന്നുള്ളത് കൗമായുടെ ഭാഗമല്ല. ആരാധനകളും കൂദാശകളും യാമപ്രാർത്ഥനകളും ആരംഭിക്കുന്നത് കൗമായിലാണ്. യാമപ്രാർത്ഥനകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമയിലാണ്. നമ്മെ സൃഷ്ടിച്ച ത്രിത്വത്തിന് സ്തുതി അർപ്പിച്ചുകൊണ്ടുമാത്രമേ ഏതു പ്രാർത്ഥനയും ആരംഭിക്കാവൂ... കൗമാ പ്രാർത്ഥനയുടെ ഉദ്ദേശം അതാണ്. നിന്നുകൊണ്ട് നാം പ്രാർത്ഥിക്കുന്ന മുഖവുര പ്രാർത്ഥനയാണ് കൗമാ.

കിഴക്ക്

കേദേം എന്ന് ഹിബ്രു വാക്കിന് Source, Origin എന്നാണർത്ഥം. എല്ലാത്തിന്റെയും ആരംഭം കിഴക്കു കുറിക്കുന്നു. എല്ലാത്തിന്റെയും പ്രഭാവ കേന്ദ്രം കിഴക്കാണ്. നമ്മുടെ ആരാധനകൾ കിഴക്കോട്ടായി നാം നടത്തുന്നു. കിഴക്ക് ഉദയ സൂര്യന്റെ ദിക്കാണ്. ക്രിസ്തു നീതി സൂര്യനാകുന്നു. ആദ്യം പ്രകാശം സൃഷ്ടിക്കപ്പെട്ടത് കിഴക്കാണ് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. ദൈവത്തിന്റെ തേജസ്സ് കിഴക്കു വഴിയായി വന്നുവെന്ന് യെഹസ്കിയേൽ പ്രവചനത്തിൽ (43:2) പറയുന്നു. കിഴക്കോട്ട് അഭിമുഖമായി പ്രാർത്ഥിക്കുന്നതിലൂടെ ആരാധനയ്ക്ക് ഒരു ക്രമം ഉണ്ടാകുന്നു. ഇത് ഒരു Discipline ഭാഗമായി കണക്കാക്കാം.

സമൂഹപ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും

വ്യക്തിപരമായ പ്രാർത്ഥന എന്ന പ്രാർത്ഥന ഇല്ല. Every Prayer is Communal Prayer. ഒരാൾ പ്രാർത്ഥിക്കുമ്പോഴും അയാളുമായി ബന്ധപ്പെട്ട അനേകർ ഉണ്ട്.



വ്യക്തിപരമായി പ്രാർത്ഥിക്കുമ്പോഴും, ഞാൻ എന്ന വ്യക്തി വളരുന്നത് സമൂഹത്തിലൂടെയാണ്. സ്വന്തമായി വാചാപ്രാർത്ഥന ആണെങ്കിലും, സഭയുടെ പ്രാർത്ഥനയുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ അംഗമായി ഇരിക്കുമ്പോൾ ഞാൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ അന്തരീക്ഷത്തിലാണ് ഓരോരുത്തരും പ്രാർത്ഥിക്കുന്നത്. സഭയാകുന്ന ഗാത്രത്തിലൂടെ ആ പ്രാർത്ഥന ഒഴുകിക്കൊണ്ടിരിക്കുകയാണ്. എഴുതപ്പെട്ടതും എഴുതപ്പെടാത്തതും അനുഭവമാണ്. ദാവീദിന് അനുഭവപ്പെട്ടത് എഴുതിയിരിക്കുന്നു. എല്ലാം നാം പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ വാചാ പ്രാർത്ഥന പ്രാർത്ഥിക്കുമ്പോൾ എല്ലാ ദിവസത്തേയും ഏകദേശം ഒന്നുതന്നെയായിരിക്കും. എന്നാൽ നമ്മുടെ നമസ്കാരങ്ങൾ എല്ലാം തന്നെ നമ്മുടെ ശ്രദ്ധയെ ബാധിക്കും. വാചകപ്രാർത്ഥനയാൽ, നാം വാക്കുകൾ കണ്ടുപിടിക്കാൻ ശ്രദ്ധിക്കുമ്പോൾ, നമ്മുടെ എഴുതപ്പെട്ട നമസ്കാരങ്ങളാൽ നമുക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും. നമുക്ക് ഒരു ‘Set of Pattern’ ഉണ്ട്. പ്രാർത്ഥനയ്ക്കുള്ള Discipline സഭാപിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു.

ലുത്തിനിയകൾ

ദൈവകരുണയും കൃപയും യാചിച്ചുകൊണ്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളാണിവ. വിഷയക്രമീകരണം ഇതിലുണ്ട്. ആ വിഷയത്തെ സംബന്ധിച്ച ആശയത്തിന് ഊന്നൽകൊടുത്തുകൊണ്ട് പ്രാർത്ഥിക്കും.

പ്രാർത്ഥനാ ചരട്

4-ാം നൂറ്റാണ്ടിൽ ഈജിപ്തിൽ ഉണ്ടായിരുന്ന പാരമ്പര്യം. സന്യാസചര്യയിൽ സങ്കീർത്തനം തുടർച്ചയായി വായിക്കുക പതിവായിരുന്നു. അന്യരെയും വിദ്യാഭ്യാസമില്ലാത്തവരെയും ഏതെങ്കിലും ഒരു സങ്കീർത്തനം പഠിപ്പിക്കും. അത് 150 തവണ ഉരുവിടണം. അതിന് ഒരു ചരടും 150 മണികളും ഉണ്ട്. ഇപ്പോൾ മണികളുടെ എണ്ണം പലയിടത്തും പലതാണ്. സങ്കീർത്തനം ഉച്ചരിക്കാൻ ഈജിപ്ഷ്യൻ ആശ്രമത്തിൽ ഉണ്ടായതാണ് പ്രാർത്ഥനാചരട്. എന്നാൽ ബൈസന്റൈൻ ചർച്ചിൽ 17-ാം നൂറ്റാണ്ടിൽ ജീസസ് പ്രയർ ചൊല്ലാനായി ഇത് ഉപയോഗിച്ചിരുന്നു.

നമസ്കാരങ്ങളിലെ വേദപുസ്തകവായന

നമസ്കാരങ്ങളിലെ വേദപുസ്തകവായന പുതിയ നിയമ, പഴയനിയമ സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ ആരാധനയിലെ ഭൂരിഭാഗം പദ്യങ്ങളും, ഗദ്യങ്ങളും വി. വേദപുസ്തകത്തിൽ നിന്നുള്ളവയാണ്. ഉദാ: കുക്കിലിയോനുകൾ സങ്കീർത്തന ഭാഗത്തുനിന്നുള്ളവയാണ്. വി: കുർബ്ബാനയിൽ പഴയനിയമ, പുതിയനിയമ, സുവിശേഷ ഭാഗങ്ങൾ നാം വായിക്കുന്നു. സന്ധ്യ, രാത്രി, പ്രഭാതം തുടങ്ങിയ യാമ നമസ്കാരങ്ങളിലും സങ്കീർത്തന ഭാഗങ്ങൾ

നാം ധാരാളമായി ഉപയോഗിക്കുന്നു.

യെശയ്യാ പ്രവാചകനെ മഹത്വമുള്ളവനായ യെശയ്യാവ് എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?

സഭയുടെ ആരാധനാ പാരമ്പര്യത്തിൽ രണ്ടു വ്യക്തികളെ മാത്രമേ 'മഹത്വമുള്ളവൻ' എന്ന് വിശേഷിപ്പിക്കുന്നുള്ളൂ. യെശയ്യാ പ്രവാചകനെയും സ്തേപ്പാനോസ് ശെമ്മാശനെയും (നാലാം തുബ്ദേനിൽ). കാരണം, ഇവർ രണ്ടു പേർ മാത്രമേ സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവമഹത്വവും ദർശിച്ചിട്ടുള്ളു.

യാമ പ്രാർത്ഥനകൾ ഒന്നിച്ച് നമസ്കരിക്കുമ്പോൾ കൗമാ നമസ്ക്കരിക്കുന്നതിനെപ്പറ്റി

യാമപ്രാർത്ഥനകൾ ഒരുമിച്ചല്ല നടത്തേണ്ടത്. പക്ഷേ, നമ്മുടെ സൗകര്യാർത്ഥം ഒന്നിച്ച് നടത്തപ്പെടുന്നു. പൂർണ്ണമായ അർത്ഥത്തിൽ നടത്തുമ്പോൾ 2 കൗമാ ചൊല്ലണം. യഥാർത്ഥത്തിൽ ഓരോ യാമപ്രാർത്ഥനയും വിശ്വാസപ്രമാണവും കുക്കിലിയോനും ചൊല്ലി അവസാനിപ്പിക്കേണ്ടതാകുന്നു. പക്ഷേ, എല്ലാത്തിലും നാം ചൊല്ലുന്നില്ല. യാമപ്രാർത്ഥന ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമായോടെയാണ്.

സൂത്താറാ നമസ്ക്കാരത്തിന് രണ്ടു തിരി കത്തിക്കുന്നത് എന്തിന്?

സൂത്താറാ നമസ്ക്കാരത്തിന് രണ്ടു തിരി കത്തിക്കുന്നതിന് രണ്ടു വിശദീകരണം ഉണ്ട്.

1. 'സേത്തോറോ' എന്നാൽ 'കാവൽ' എന്നാണ് കൂടുതൽ ദൈവീക പ്രകാശത്തെ നൽകുന്നു. ദൈവത്തിന്റെ കൂടുതൽ കരുതലിന്റെ Symbol.

2. ദൈവസന്നിധിയിൽ മാലാഖമാർ 2 ഗണങ്ങളായി സ്തുതിപാടുന്നു. 2 മസ്മൂറാ 2 ഗണങ്ങളായി വായിക്കുന്നു. അതിന് മുമ്പാണ് 2 തിരികൾ കത്തിക്കുന്നത്. നമസ്കാരം നടത്തുന്നവർ തന്നെ കത്തിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാൽ അവർ കൗമാ സമയത്ത് കത്തിച്ചു എന്ന് മാത്രമേ ഉള്ളൂ. വലിയ നോമ്പിൽ ബോവൂസാ ചൊല്ലുന്നതിന് മുമ്പാണ് കത്തിക്കുന്നത്.

■

ഭവന കൂദാശ

ഫാ. ഡോ. ടി. ജെ. ജോഷ്വ

1. എന്തിനാണ് ഭവനകൂദാശ നടത്തുന്നത്?

ഭവനത്തിൽ ദൈവ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും തിന്മയുടെ ശക്തിയെയെല്ലാം ഉച്ചാടനം ചെയ്യുന്നതിനും വേണ്ടിയാണ് ഭവന കൂദാശ നടത്തുന്നത്.

2. ഭവന കൂദാശ നടത്തുന്നത് എപ്പോഴൊക്കെ?

പുതുതായി ഒരു ഭവനം നിർമ്മിച്ചു കഴിയുമ്പോഴും വീടിന്റെ അറ്റകുറ്റപണികൾ നടത്തിയതിനുശേഷവും നിർബന്ധമായും നടത്തണം. സാധാരണയായി, ആണ്ടിലൊരിക്കൽ ഈസ്റ്ററു മുതൽ പെന്തിക്കോസ്തി വരെയുള്ള സമയത്ത് ഭവന കൂദാശ നടത്തുന്ന ഒരു പാരമ്പര്യമാണ് സഭയ്ക്ക് ഉള്ളത്. കൂടാതെ ഭവനത്തിൽ മരണമുണ്ടായാൽ 40-ാം ദിവസം അടിയന്തരത്തോട് ചേർന്ന് നടത്തുന്ന പാരമ്പര്യവും ഉണ്ട്. അതുപോലെ തന്നെ ഭവനത്തിൽ എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടാകുമ്പോഴും ഭവനകൂദാശ നടത്താവുന്നതാണ്.

3. ഭവന കൂദാശയ്ക്കുള്ള ക്രമീകരണങ്ങൾ ഏവ?

വെള്ളത്തുണി വിരിച്ച ഒരു മേശയും കുരിശും 2 മെഴുകുതിരികളും നിലവിളക്കും ശുദ്ധജലം വച്ചിരിക്കുന്ന ഒരു പാത്രവും വെള്ളം തളിക്കുവാനുള്ള തളിപ്പും ക്രമീകരിച്ചിരിക്കണം. ഭവനകൂദാശ ചെയ്യുമ്പോൾ പുറത്തേക്ക് ഉള്ള വാതിലുകൾ നിർബന്ധമായും റൂശ്മാ ചെയ്തിരിക്കണം. കാരണം വാതിൽ പടിമേൽ പൂശിയ രക്തത്താൽ ഇസ്രായേൽ ജനത സംഹാരദൂതനിൽ നിന്ന് രക്ഷപ്പെട്ടതുപോലെ പുറത്തേക്കുള്ള വാതിലിൽ ഉള്ള സ്ലീബായുടെ അടയാളം സാത്താന്യശക്തികളിൽ നിന്ന് ഭവനത്തെയും ഭവനക്കാരെയും രക്ഷിക്കുന്നു.

കൂടാതെ ഓരോ മുറിയുടെയും പ്രധാന വാതിലെങ്കിലും റൂശ്മാചെയ്തിരിക്കണം.

അതുപോലെ ഭവനകൂദാശയ്ക്ക് ശുദ്ധീകരിച്ച വെള്ളം സാധാരണയായി കിണറ്റിൽ ഒഴിക്കുന്ന ഒരു പതിവാണുള്ളത്. കാരണം വാഴ്ത്തിയ വെള്ളം ആയതിനാൽ പുറത്തേക്ക് കളയുവാൻ അനുവാദമില്ലാത്തതുകൊണ്ടും കിണറ്റിലെ വെള്ളം ശുദ്ധീകരിക്കുന്നതിനും വേണ്ടിയാണ്. പുറത്തേക്ക് കളഞ്ഞാൽ അതിൽ ചവിട്ടുവാൻ സാധ്യതയുമുണ്ട്.



പരുമല സെമിനാരി സ്ഥാപിക്കുന്നു (1867)

പുലിക്കോട്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1042-മാണ്ട് മീനമാസം മുതൽ കോട്ടയം മുതലായി തെക്കുള്ള ഏതാനും പള്ളികളിൽ സഞ്ചരിച്ച് വരികയിൽ സുറിയാനി സഭയിലെ മര്യാദപോലെ അല്ലാതെ ചില തെറ്റുകൾ ഏതാനും പള്ളികളിൽ പാലക്കുന്നത്തു മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം നടക്കുന്നതിനെ അറിഞ്ഞു മനസ്താപപ്പെട്ട് ജനങ്ങളോട് 'ഇപ്പോൾ കോട്ടയത്തു പഠിച്ചുവരുന്ന ശെമ്മാശന്മാർ മുതലായവർ പള്ളികൾ തോറും സഞ്ചരിപ്പാൻ ഇടവന്നാൽ ചില സ്ഥലങ്ങളിൽ രഹസ്യമായി കിടക്കുന്ന സത്യമുള്ള സുറിയാനി മാർഗ്ഗവും കൂടെ തീരെ മാഞ്ഞുപോകുന്നതിന് ഇടവരുമെന്നും അതിനാൽ ഈ തെക്കേ ദിക്കുകളിൽ എവിടെ എങ്കിലും സുറിയാനി മാർഗ്ഗം അഭ്യസിപ്പിക്കുന്ന ഒരു പുതിയ സെമിനാരി പണിയിക്കണമെന്നും മറ്റും അറിയിക്കയാൽ തിരുവല്ലായോടു ചേർന്ന് മാന്നാർ അരികുപുറത്തു കോരുതു മാത്തൻ എന്ന് നാമധേയവും പരോപകാര പ്രിയനുമായുള്ള ആൾക്കു ഈ കാര്യത്തിൽ ഭക്തിവൈരാഗ്യം തോന്നിയിട്ട് തൻറെ പരുമല എന്ന സ്ഥലത്ത് ഒരു പുരയിടം സിമ്മനാരി വയ്ക്കുന്ന വകയ്ക്കായിട്ട് മെത്രാപ്പോലീത്തായ്ക്കു ദാനം ചെയ്തിരിക്കുന്നതു കൂടാതെ സിമ്മനാരിപ്പണി ഉടനെ ആരംഭിക്കാൻ വേണ്ടി തൻറെ വക ഇരുപത്തിരിക്കോൽ നീളമുള്ള ഒരു നെല്പുരയും പൊളിച്ചു കൊടുത്തിരിക്കുന്നു

(കണ്ടനാട് ഗ്രന്ഥവരി, പു. 325).

കുരിശിന്റെ അർത്ഥവും വ്യാപ്തിയും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

കുരിശിന് മഹത്തരമായ പ്രാധാന്യം ക്രൈസ്തവ സഭകൾ നൽകുന്നു. വേദ പുസ്തകാധിഷ്ഠിതവും, വേദശാസ്ത്രപരവുമായി അഗാധ അർത്ഥം വെളിവാക്കുന്ന 'കുരിശ്' മതചിഹ്നമോ സാംസ്കാരിക അടയാളമോ മാത്രമല്ല, ക്രിസ്തുവിന്റെ കഷ്ടാനുഭവം, ക്രൂശുമരണം, ഉയിർത്തെഴുന്നേല്പ് എന്നിവയുടെ സമഗ്രവും ഏകവുമായ പ്രതീകമാണ് – കുരിശ്.

1. കുരിശിന്റെ പ്രാധാന്യം എന്ത്?

ലാറ്റിൻ ഭാഷയിലെ ക്രൂസിൽ (Crux) നിന്നുമാണ് ക്രോസ് (Cross) എന്ന വാക്ക് ഉത്ഭവിച്ചത്. ഇതിന് സർവ്വ പ്രധാനം, അത്യന്താപേഷിതം, അടിസ്ഥാനപരം എന്നെല്ലാം അർത്ഥമുണ്ട്. അതിനാൽ കുരിശ്, യേശു ക്രിസ്തുവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ്, ക്രൂശാരോഹണം എന്നിവയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നു. ക്രിസ്തിയ വിശ്വാസത്തിന്റെ മറ്റ് പ്രമാണങ്ങൾ എല്ലാം പണിതുയർത്തിയിരിക്കുന്നത്, 'നശിച്ചുപോകാത്ത' കുരിശിന്റെ അടിത്തറയിലാണെന്ന് യറുശലേമിലെ വിശുദ്ധ കൂറിലോസ് (C. 348 - 87) പഠിപ്പിക്കുന്നു. പഴയ നിയമത്തിലെ പല സംഭവങ്ങളും പ്രവചനങ്ങളും കുരിശിന്റെ രക്ഷാകരമായ പദ്ധതിയെ മുൻകൂട്ടി വെളിപ്പെടുത്തുന്നതായി പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു.

'സംഹാര ദൂതനെ തടയുന്നതിന് കറുമ്പടി മേലും കട്ടിളക്കാൽ മേലുമുള്ള രക്തം തേക്കൽ (പുറ. 12 .23), മോശ കയ്യിൽ ധരിച്ച അടയാളവും' കണ്ണുകളുടെ നടുവിലെ നെറ്റിപ്പട്ടയും (പുറ. 14.6), ശത്രുക്കളുടെ പരാജയത്തിനായി മോശയുടെ കൈ ഉയർത്തലും (പുറ. 17: 8 – 15), മരുഭൂമിയിൽ മോശ നാട്ടിയ പിത്തള സർപ്പവും (സംഖ്യ 21. 6 – 9), കുരിശിന്റെ മുൻകുറികളാണ്. മരത്തിൽ തൂങ്ങി മരിച്ചവർ ശാപഗ്രസ്തർ (പുറ. 21 . 22), മിശിഹായുടെ കഷ്ടാനുഭവ ദർശനം (സങ്കീ. 22), നെറ്റിയിലെ രക്ഷകരമായ അടയാളം (യെഹസ്കിയേൽ 9:3–6) എന്നിവ കുരിശിനെ പാപത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള രക്ഷയുടെ അടയാളമായി വ്യാഖ്യാനിക്കുന്നു.

കുരിശിന്റെ മഹത്തായ ദർശനം യേശു വെളിപ്പെടുത്തുന്നത് 'ക്രൂശ് എടുത്ത് എന്നെ അനുഗമിക്കുക' എന്ന പ്രഖ്യാപനത്തിലാണ് (മത്തായി 10:38–39, 16:24–25, മർക്കോസ് 8:34–35, ലൂക്കോസ് 9:23–24, 14:27). "ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കുള്ള സന്ദേശം 'വരിക, ക്രൂശിക്കപ്പെടുക' എന്നതാണെന്ന് ശിഷ്യത്വത്തിന്റെ വില നിർണ്ണയപ്പെടുത്തി" ഡിട്രിച്ച് ബോൺഹോഫർ (1906 – 1945) വ്യാഖ്യാനിക്കുന്നു. യേശുവിന്റെ ശിഷ്യത്വത്തിലേക്കുള്ള വിളി 'വരിക ക്രൂശിക്കപ്പെടുക' എന്ന ആഹ്വാനമാണ്. യേശുവിനെ അനുഗമിക്കുന്നവർ കുരിശിന്റെ വഴി തിരഞ്ഞെടുക്കണം. നിന്ദയും തിരസ്ക്കാരവും മുൾക്കിരീടവും കുരിശിന്റെ വഴിയാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തിന്റെ അന്തസത്ത കുരിശിന്റെ ജീവിതമാണ്. പരസ്യ ശുശ്രൂഷയിൽ മൂന്നു പ്രാവശ്യം യേശു പീഡാനുഭവത്തേയും, ക്രൂശു മരണത്തേയും സൂചിപ്പിക്കുന്നു. (മത്താ 16:21, 17:22, 22–23, 20:18 –19). യേശുവിനെ പിൻപറ്റിയവർ 'ക്രൂശിനെ' സ്വീകരിക്കുവാൻ വിമുഖത പ്രകടിപ്പിച്ചപ്പോൾ ശിഷ്യത്വം കുരിശ് എടുക്കുന്നതിന്റേതാകണമെന്ന് ആഹ്വാനം ചെയ്യുന്നു (ലൂക്കാ 9:22–24).

യേശുവിന്റെ ശിഷ്യത്വത്തിന്റെ അടയാളം 'കുരിശാണ്.' അനുഗമിക്കുവാൻ ഇച്ഛിക്കുന്നവർ കുരിശു വഹിക്കണമെന്നത് നിർബന്ധമാണ്. കുരിശിൽ നിറയുന്നത് സ്നേഹവും ക്ഷമയും സഹനവുമാണ്. ഇത് രക്ഷയ്ക്കുള്ള വഴിയാണ്. ക്രിസ്തു ഇല്ലാത്ത കുരിശും കുരിശില്ലാത്ത ക്രിസ്തീയതയും ക്രിസ്തുശിഷ്യത്വത്തിന്റെ വിളിയെ തിരസ്ക്കരിക്കുന്നു.

കുരിശിന്റെ അടയാളം ക്രിസ്തുവിന്റെ മഹത്തരമായ രണ്ടാം വരവിന്റെ പ്രതീകമായും (യെശ 11:10–12, മത്തായി 24:30) ആശീർവാദത്തിന്റെ ചിഹ്നമായും, അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന്റെ ഭാവമായും കണക്കാക്കുന്നു.



കൈകൾ അല്പം ഉയർത്തി പിടിക്കുമ്പോൾ ലഭ്യമാകുന്നതും കുരിശിന്റെ അടയാളമാണ്. വിശ്വാസത്തിന്റെ പരിചയായ കുരിശ് (എഫേ 6,16), വിശുദ്ധ മാമോദീസായിൽ കൂടി ആദ്യം ലഭ്യമാകുന്നു. കുരിശിന്റെ അടയാളം ദൈവജനത്തിന്റെ അടയാളമായി (ഗലാ. 5:11, 6:14) പഠിപ്പിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ട് സഭയെ ശുശ്രൂഷിക്കുവാനും സഭയുടെ കൂദാശാനുഭവത്തിൽ പങ്കുചേരുവാനും വിശ്വാസികളെ കുരിശിന്റെ അടയാളത്തിലൂടെ സജ്ജമാക്കുന്നു.

ഓർത്തഡോക്സ് ആരാധന ക്രമത്തിൽ കുരിശ് നിത്യ ജീവൻ അവകാശമാക്കുന്നതിന്റെ വാഗ്ദാനമാണ്. കുരിശിനെ ഏദൻ തോട്ടത്തിലെ ജീവ വൃക്ഷമായി താരതമ്യം ചെയ്തിട്ടുണ്ട്. (ഉൽപ്പത്തി 2:9 3 :22 – 24). വലിയ മാർ ബസേലിയോസ് (330 – 379) ക്രിസ്ത്യാനികൾ ജീവവൃക്ഷമായി തീരണമെന്ന് (സങ്കീ. 1:1–3) പ്രബോധിപ്പിക്കുന്നു. കുരിശ് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള ഗോവണിയാണ് (1 തിമോ 2:5, എബ്രാ. 8:6; 9:15, 12:24). ക്രൂശിതനായ യേശുവിന്റെ ജീവിതം യാക്കോബ് കണ്ട ഗോവണിയുടെ പ്രതീകമാണ് – മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കാഴ്ചയുടെ അനുഭവം. കുരിശ് യേശുവിന്റെ രക്ഷാ പ്രവർത്തനങ്ങൾ സംവേദിപ്പിക്കുന്നതിന് മാത്രമുള്ളതല്ല; കുരിശ് മനുഷ്യ വർഗ്ഗത്തെ രൂപാന്തരപ്പെടുത്തുവാനുള്ളതാണ് (The cross not only informs us, but also transforms us). ക്രൂശിന്റെ അനുഭവത്തിൽ എത്തിച്ചേരുമ്പോഴാണ് യഥാർത്ഥ രൂപാന്തരമുണ്ടാകുന്നത്.

ഭൗതികമോഹങ്ങളെ പരിത്യജിക്കുക, ക്രിസ്തുവിശ്വാസത്തിൽ ഉറച്ച് നിൽക്കുക (എബ്രാ 12:2–3), ക്രിസ്തു സ്നേഹം വെളിപ്പെടുത്തുക (യോഹ. 15:13) എന്നിവയിൽ അടിസ്ഥാനമിട്ടെങ്കിൽ മാത്രമേ, കുരിശിന്റെ സ്നേഹവും ശിഷ്യത്വവും പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയൂ. ക്രിസ്തുവിന്റെ കുരിശ് ബലിയർപ്പണത്തിന്റെയും പരിത്യാഗത്തിന്റെയും

ശുശ്രൂഷയാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധന ക്രമത്തിൽ മാറാനായ പെരുന്നാളും ദൈവമാതാവിന്റെ പെരുന്നാളും കഴിഞ്ഞാൽ ഏറ്റവും അധികം സ്ഥാനം സ്ലീബായ്ക്കാണ്. ഏതു ആരാധനയിലും കുരിശിന്റെ സാന്നിധ്യം ഉണ്ടായിരിക്കും. വിശുദ്ധ കുർബാനയിൽ ത്രോണോസിൽ ഒരു മരക്കുരിശ് നിർബന്ധമായും ഉണ്ടായിരിക്കണം. മറ്റ് കൂദാശകളിലും ശുശ്രൂഷകളിലും ഒരു കുരിശും ഇരുവശങ്ങളിൽ തിരികളും വെച്ചിരിക്കും. പ്രാർത്ഥനകൾ നടത്തുമ്പോൾ കുരിശിന്റെ സാന്നിധ്യം ഉണ്ടായിരിക്കണമെന്ന് സഭ പ്രബോധിപ്പിക്കുന്നു.

വലിയ നോമ്പിലെ 'പാതിനോമ്പിൽ' പള്ളി മദ്ധ്യത്തിൽ 'ഗോഗുൽത്താ' സ്ഥാപിച്ച് മുകളിൽ കുരിശ് വെക്കുന്നു. പാതിനോമ്പിന്റെ വിശുദ്ധ കുർബാനയോടനുബന്ധിച്ച്, സ്ലീബാ ആഘോഷം നടത്തി ചുവന്ന ഊറാറ ചുറ്റി കുരിശ് ഗോഗുൽത്തായിൽ ഭംഗിയായി പ്രതിഷ്ഠിക്കുന്നു. പാതിനോമ്പിലെ 'സ്ലീബാ ആഘോഷം', ദു:ഖവെള്ളിയാഴ്ചയിലെ സ്ലീബാ തോളിൽ താങ്ങിയുള്ള പ്രദക്ഷിണം, കുരിശ് കുമ്പിടീൽ, സ്ലീബാ ആഘോഷം, 'കബറടക്കം', ഉയിർപ്പ് പെരുന്നാളിലെ 'ഉയിർപ്പിന്റെ രഹസ്യ ശുശ്രൂഷ', സ്ലീബാ ആഘോഷം, സ്വർഗ്ഗാരോഹണ പെരുന്നാളിലെ 'സ്ലീബാ ആഘോഷം' എന്നിവയിൽ സ്ലീബായുടെ മഹത്ത്വവും പ്രാധാന്യവും വർണ്ണിക്കുന്ന പ്രാർത്ഥനകളും ശുശ്രൂഷകളും ഉൾക്കൊള്ളുന്നു. സെപ്തംബർ 14 സ്ലീബാ പെരുന്നാളായും സഭ ആഘോഷിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ആരാധനാ ക്രമീകരണങ്ങളിൽ വെള്ളിയാഴ്ചത്തെ പ്രാർത്ഥനകൾ സ്ലീബായുടെതാണ്. 'കൂദോശ് ഇത്തോ' മുതൽ കഷ്ടാനുഭവ ആഴ്ചവരെ, ഞായറാഴ്ച യാമ പ്രാർത്ഥനകളും സ്ലീബായുടേതാണ്. ആരാധനയിൽ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും... തുടങ്ങിയ 'ത്രിത്വസ്തുതിയിലും' കുരിശു വരയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നു. വാങ്ങിപ്പോയവരുടെ കബറിടത്തിൽ 'കുരിശു വയ്ക്കുന്ന' പാരമ്പര്യവും ഉണ്ട്. ഇത് 'ക്രിസ്ത്യാനി' എന്ന് ധ്വനിപ്പിക്കുന്നതിന് മാത്രമല്ല പ്രത്യാശയോടെ പുതു ജീവിതത്തിലേക്ക് കടന്ന് പോകുന്നതിനെ (pass over) അനുസ്മരിപ്പിക്കുന്നു. പ്രത്യാശയുടെയും ജീവന്റെയും അടയാളമാണിത്. കുരിശ് ക്രിസ്തീയ ജീവിതത്തിന്റെ വിജയകൊടിയും അവിഭാജ്യ ഘടകവുമാണ്.

2. കുരിശു വരയ്ക്കുന്നത് എപ്പോൾ, എങ്ങനെ; അതിന്റെ അർത്ഥം എന്ത്?

സഭാ പാരമ്പര്യത്തിൽ കുരിശു വരയ്ക്ക് വളരെ പ്രാധാന്യം ഉണ്ട്. നെറ്റിയിൽ എല്ലായ്പ്പോഴും കുരിശടയാളം വരയ്ക്കണമെന്ന് (Sign of the cross) സഭാ പിതാവായ തെർത്തുല്യൻ (A.D 160 - 220) പ്രബോധിപ്പിച്ചു. ആദ്യകാലത്ത് നെറ്റിയിൽ ചെറിയ കുരിശടയാളങ്ങൾ വരയ്ക്കുമായിരുന്നു. കുരിശ് ക്രിസ്ത്യാനികളുടെ പൊതു ചിഹ്നമായത് കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞി നാലാം നൂറ്റാണ്ടിൽ യേശുവിന്റെ കുരിശ് കണ്ടെടുത്തതോടു കൂടിയാണ്. കുസ്തന്തീനോസ് രാജാവ് യുദ്ധസമയത്ത് ആകാശത്ത് സ്ലീബായുടെ അടയാളം കാണുകയും അതിനെ വന്ദിക്കുകയും ചെയ്തതായി ഐതിഹ്യം ഉണ്ട്. യറുശലേമിലെ കൂറിലോസ് (313-386) യേശുവിന്റെ കുരിശ് ഊർശ്ലേമിൽ ഉള്ളതായും അതിന്റെ അംശങ്ങൾ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയതായും രേഖപ്പെടുത്തിയിട്ടുണ്ട്. പതിനൊന്നാം നൂറ്റാണ്ടോടെയാണ് വലതു കൈയുടെ മൂന്നു വിരലുകൾ കൂട്ടിപ്പിടിച്ച് നെറ്റിയിൽ നിന്നും നെഞ്ചിലേക്കും ഇടത്തെ തോളിൽ നിന്നും വലത്തേ തോളിലേക്കും കുരിശു വരയ്ക്കുന്ന പാരമ്പര്യം വളർന്നത്.

വിശ്വാസികളുടെ കാവലിനും രക്ഷയ്ക്കും വേണ്ടി മിശിഹായുടെ ക്രൂശുമരണത്തിൽ സങ്കേതപ്പെട്ട് കഷ്ടാനുഭവങ്ങളിൽ പങ്കു ചേരുന്നതിന്റെ അടയാളമായി കുരിശു വരയ്ക്കണമെന്ന് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ പഠിപ്പിക്കുന്നു. അദ്ദേഹം പറയുന്നു: "മനുഷ്യകുലം മുഴുവനും രക്ഷപ്പെട്ടതു ദൈവപുത്രന്റെ കുരിശു മൂലം ആകയാൽ നാം അതിനെ വന്ദിക്കേണ്ടതാകുന്നു.... മഹാ ദൈവത്തെ നമ്മുടെ ഹൃദയത്തിൽ രൂപപ്പെടുത്തിക്കൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കുന്ന പ്രകാരം ദൈവപുത്രന്റെ കുരിശിനെ ഹൃദയത്തിന്റെ പലകമേൽ രൂപപ്പെടുത്തികൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കേണ്ടതാകുന്നു. കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നത് കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനെയും തന്റെ കുരിശു മരണത്തേയും വന്ദിക്കുകയത്രേ" (മതോപദേശസാരങ്ങൾ 2014: 50-51).

യറുശലേമിലെ വി. കൂറിലോസിന്റെ പ്രഭാഷണങ്ങളിൽ (xiii : 36) കുരിശു വരയുടെ പ്രാധാന്യം വിവരിക്കുന്നു: "ഭക്ഷണം കഴിക്കുമ്പോഴും, കുടിക്കുമ്പോഴും, വരുമ്പോഴും, പോകുമ്പോഴും, ഉറങ്ങുമ്പോഴും, ഉണരുമ്പോഴും, യാത്രചെയ്യുമ്പോഴും, വിശ്രമിക്കുമ്പോഴും എല്ലാം കുരിശു വരയ്ക്കണം. ഓരോ കുരിശുവരയിലൂടെയും ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് സാക്ഷിക്കുന്നത്." കുരിശിലെ മരണം വഴി മനുഷ്യവർഗ്ഗത്തെ രക്ഷിച്ച ക്രിസ്തുവിന്റെ രക്ഷാപ്രവൃത്തിയെ സ്മരിക്കുന്നതാണ് കുരിശും കുരിശുവരയും. കുരിശ്, സഹനം, കബറടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവ രക്ഷയ്ക്കുള്ള അവിഭാജ്യ ഘടകങ്ങളാണ്. കുരിശിനെ വന്ദിക്കുമ്പോൾ യേശുവിന്റെ രക്ഷാപ്രവർത്തനത്തോടുള്ള ആദരവ് സമർപ്പിക്കുകയാണ്. കുരിശ് വരയ്ക്കുകയും ആരാധനയുടെ ഭാഗമാക്കി തീർക്കുകയും ചെയ്യുമ്പോൾ കുരിശിനെയല്ല ക്രൂശിതനായ ക്രിസ്തുവിനെയാണ് ആദരിക്കുന്നത്.

അനുദിന ജീവിതത്തിൽ ഉണരുമ്പോൾ കുരിശുവരച്ച് എഴുന്നേൽക്കുന്ന പാരമ്പര്യമാണുള്ളത്. പിന്നീടാണ് പ്രാർത്ഥനയും പ്രവർത്തനവും ആരംഭിക്കുന്നത്. ക്രിസ്തുവിന്റെ രക്ഷാ പ്രവർത്തനങ്ങളുടെ അനുസ്മരണവും ക്രിസ്തു സന്ദേശം ഉൾക്കൊണ്ട് ജീവിതത്തെ അനുനിമിഷം രൂപാന്തരപ്പെടുത്തുന്നതിനുമുള്ള ബോധ്യവുമാണ് കുരിശു വരയിലൂടെ ലഭ്യമാകുന്നത്. നിർദ്ദിഷ്ഠ ആരാധനാ സമയങ്ങളിൽ മാത്രമല്ല എല്ലാ ഘട്ടങ്ങളിലും ആവശ്യാനുസരണം കുരിശു വരയ്ക്കാം. "എപ്പോഴും കുരിശു വരയ്ക്കണം, കുരിശു ധരിക്കണം, കുരിശു വഹിക്കണം" എന്ന് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉപദേശിച്ചിരുന്നു. കുരിശു വരയ്ക്കുന്നത്, കുരിശു വഹിക്കുവാനും, ക്രൂശിക്കപ്പെടുവാനുമാണ്. അനുദിന ജീവിതത്തിലുണ്ടാകുന്ന തിന്മകളെയും പ്രലോഭനങ്ങളേയും സ്വാർത്ഥതകളെയും ക്രൂശിക്കുവാൻ കഴിയണം. കാൽവറിയിൽ വെളിപ്പെട്ട ക്രിസ്തുസ്നേഹത്തോടുള്ള സമ്പൂർണ്ണ സമർപ്പണമാണ് കുരിശു വരയിലൂടെ സാധ്യമാകുന്നത്. ഇത് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും നിർവഹിക്കണം. ബോധ വിചാര മനസുകളുടെ സമ്പൂർണ്ണമായ ഇടപെടൽ കുരിശു വരയിൽ സജ്ജീവമാകണം. യേശു മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തു സർവ്വേശ്വരനായി വാഴുന്നു എന്ന യാഥാർത്ഥ്യം സ്ലീബാ ചിഹ്നം വിളിച്ചറിയിക്കുന്നു.

3. ആരാധനയ്ക്ക് കുരിശോ, ക്രൂശിത രൂപമോ ഉപയോഗിക്കുന്നത്?

മലങ്കര ഓർത്തഡോക്സ് ആരാധനയിൽ ക്രൂശിത രൂപങ്ങൾ ഇല്ല. ഉയിർപ്പിന്റെയും ജീവന്റെയും പ്രത്യാശയുടെയും ചിഹ്നമായ കുരിശാണ് ഉപയോഗിക്കുന്നത്. വിശുദ്ധ കുർബാനയിൽ ഒരു തടി കുരിശ് അനിവാര്യമാണ്. മറ്റ് എല്ലാ ആരാധനകളിലും ശുശ്രൂഷകളിലും കുരിശിന്റെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. യേശുക്രിസ്തുവിന്റെ കഷ്ടത, മരണം, ഉയിർപ്പ് എന്നിവ സമഗ്രമായി കുരിശ് പ്രതിഫലിപ്പിക്കുന്നതിനാൽ ക്രൂശിത രൂപങ്ങൾ ഓർത്തഡോക്സ് ആരാധനയിൽ അനുവദിക്കുന്നില്ല.

ക്രിസ്തുശരീരത്തെ (തൂങ്ങപ്പെട്ട രൂപം) കുരിശിൽ കാണിക്കുന്ന പതിവ് എട്ടാം നൂറ്റാണ്ടിനു ശേഷമാണ് ഉണ്ടായതെന്ന് ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് വ്യക്തമാക്കുന്നു. അദ്ദേഹം പറയുന്നു: "ക്രിസ്തു ക്രൂശിതനായി കിടക്കുകയല്ല, ഉയിർത്തെഴുന്നേറ്റു കഴിഞ്ഞു എന്നുള്ളതിന്റെ പ്രതീകമായിട്ടാണ് പൗരസ്ത്യ സഭകൾ ഒഴിഞ്ഞ കുരിശ് (empty cross) പള്ളിയിൽ സ്ഥാപിക്കുന്നത്."

ഓർത്തഡോക്സ് ആരാധനയിൽ ഉപയോഗിക്കുന്ന കുരിശിൽ (സ്ലീബാ) യേശുവിന്റെ ക്രൂശിതശരീരം ഉൾക്കൊള്ളുന്നില്ല. മരണത്തിന്റെയും ഉയിർപ്പിന്റെയും സമഗ്രവും ഏകവുമായ സ്ലീബാ ചിഹ്നമാണ് ഉപയോഗിക്കുന്നത്. ■

മദർ സൂസൻ: കൃപയിലൂടെ

കെ. വി. മാമ്മൻ

പ. പരുമല തിരുമേനിയുടെ പാദസ്പർശത്താൽ അനുഗൃഹീതമായ വളഞ്ഞവട്ടം തൈക്കടവിൽ കുരുവിള-തങ്കമ്മ ദമ്പതികളുടെ പുത്രിയായി 1927 ജൂലൈ 26-നു കുഞ്ഞമ്മ എന്ന സൂസൻ ജനിച്ചു. മുടങ്ങാത്ത കുടുംബപ്രാർത്ഥനയും പള്ളിആരാധനകളും കുഞ്ഞമ്മയുടെ ആദ്ധ്യാത്മിക ജീവിതത്തെ പോഷിപ്പിച്ചു. പന്ത്രണ്ടാം വയസ്സിൽ നിരണം ഇലഞ്ഞിക്കൽ ചാപ്പലിലെ പ്രാർത്ഥനാവേളയിൽ ദൈവവിളി ഉണ്ടായി. പതിമൂന്നാം വയസ്സിൽ പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് പള്ളിയിലെ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിൽ സംബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ ശരീരം ആസകലം അതികഠിനമായി വേദന ഉണ്ടാകുകയും കർത്താവിന്റെ പഞ്ചക്ഷതങ്ങൾ രക്തം വമിച്ച് പ്രത്യക്ഷപ്പെടുകയും ചെയ്തു. ചൊവ്വാ, വെള്ളി, മറ്റ് പ്രത്യേക അവസരങ്ങളിലും അതികഠിനവേദനയോടെ രക്തം വമിച്ച് കർത്താവിന്റെ പീഡാനുഭവയാതന അനുഭവിക്കുന്നു. ഈ 'വേദന'യുടെ അന്ത്യം പ്രത്യേകം ദൈവകൃപാകടാക്ഷം ബാലികയിൽ ഉണ്ടായിക്കൊണ്ടിരുന്നു.

ബാലികയുടെ ആത്മീയ ജീവിത പ്രത്യേകതകളെ ഡോക്ടർമാരും സഭാദ്ധ്യക്ഷന്മാരും വേറെ വേറെ പരിശോധിച്ചു. ഒന്നും പിടികിട്ടിയില്ല. "അത്ഭുത കന്യക"യായി വളർന്നുവന്ന കുഞ്ഞമ്മ, പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ പ്രിയങ്കരിയായ ആത്മീയ പുത്രിയായി തീർന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കൽ പോയി പ്രാർത്ഥിച്ച് ആ മദ്ധ്യസ്ഥത മൂലം കൃപാകടാക്ഷത്തിൽ വളർന്നു. ആത്മീയമായി ഉയർന്ന കുഞ്ഞമ്മയെ 17-ാം വയസ്സിൽ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ, സിസ്റ്റർ സൂസൻ കുരുവിള എന്ന നാമത്തിൽ കന്യാസ്ത്രീയാക്കി. 'കല്ലാശ്ശേരിൽ ബാവ'യുടെ കാലശേഷം മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ നേതൃത്വത്തിൽ സിസ്റ്റർ, നിത്യകന്യാവ്രത ജീവിതസപര്യ നിർവിഘ്നം തുടർന്നു.

അസാധാരണ ആത്മീയ നൽവരം ദാനമായി ലഭിച്ച സിസ്റ്റർ സൂസന്, പരുമല തിരുമേനിയുടെ ജന്മനാട്ടിൽ ഒരു ധർമ്മസ്ഥാപനം തുടങ്ങുവാനുള്ള "ദൈവിക ദൂത്" ലഭ്യമായി. അങ്ങനെ 1973-ൽ മുളന്തുരുത്തി-കണ്ടനാട് റോഡരികിൽ വേഴപ്പറമ്പിൽ "മാർ ഗ്രീഗോറിയോസ് ആശ്രമം" സ്ഥാപിതമായി.

1991-ൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ കൂദാശ ചെയ്ത് പ്രതിഷ്ഠിച്ച മാർ ഗ്രീഗോറിയോസ് ആശ്രമം ചാപ്പലിൽ യാമപ്രാർത്ഥനകളും വി. കുർബ്ബാനയും നിർവിഘ്നം നടന്നുവരുന്നു. ഈ പ്രസ്ഥാനത്തിന്റെ ആത്മീയ സ്രോതസ്സാണ് ഈ ചാപ്പൽ.

പത്തു വർഷം മുമ്പ് സിസ്റ്റർ സൂസൻ കുരുവിളയെ മദർ സൂസൻ എന്ന പേരിൽ ആശ്രമം മദർ ആക്കുകയും ആശ്രമം അംഗമായ ഫാ. മാത്യുവിനെ റമ്പാനാക്കുകയും ആശ്രമം അംഗങ്ങളായ ഡെയ്സി, മറിയാമ്മ എന്നിവരെ സിസ്റ്റർ നവോമി, സിസ്റ്റർ മറിയാമ്മ എന്നീ പേരുകളിൽ സിസ്റ്റേഴ്സ് ആക്കുകയും ചെയ്തുകൊണ്ട് പ. ദിദിമോസ് പ്രഥമൻ ബാവാ, ആശ്രമപ്രവർത്തനങ്ങൾക്ക് സഭാതല അംഗീകാരം നൽകി.

1973-ൽ വെറുംകൈയോടെ മുളന്തുരുത്തിയിലേക്ക് വന്ന സിസ്റ്ററെ "കൃപയിലൂടെ" ദൈവം നടത്തി ഇന്നു കാണുന്ന ആശ്രമം ഉളവാക്കി. ആ ദൈവം തന്റെ വിളിയെ തീർച്ചയായും കൃപയിലൂടെ തന്നെ പൂർത്തീകരിക്കുമെന്ന് മദർ സൂസൻ ഉറച്ച് വിശ്വസിച്ചു.

ഒരു ദൃക്സാക്ഷിയുടെ അനുഭവ വിവരണം

മദർ സൂസൻ കുരുവിളയുടെ നവതിയോടനുബന്ധിച്ച് കഴിഞ്ഞ സെപ്തംബറിലെ 'മലങ്കര സഭാ' മാസികയിൽ പ്രസിദ്ധീകരിച്ച അവരുടെ ജീവചരിത്ര പ്രധാനമായ ലേഖനത്തോടനുബന്ധിച്ച് വർഷങ്ങൾക്ക് മുമ്പ് അത്ഭുതകന്യകയെ നേരിട്ടു കണ്ട റിട്ട. ക്യാപ്റ്റൻ കെ. എസ്. ജോസഫ് (കണ്ണൻതുരുത്തിൽ, പരിയാരം, കോട്ടയം) എഴുതി അയച്ച കുറിപ്പാണു ചുവടെ ചേർക്കുന്നത്:



"ഏകദേശം 73 വർഷങ്ങൾക്കു മുമ്പ് മാക്കാംകുന്ന് പള്ളിയിൽ വെച്ച് ദുഃഖവെള്ളിയാഴ്ച കുഞ്ഞമ്മ എന്ന പെൺകുട്ടിയുടെ ദേഹത്ത് അത്ഭുതകരമായി കർത്താവിന്റെ പഞ്ചക്ഷതങ്ങൾ പ്രത്യക്ഷപ്പെടുകയുണ്ടായി. ഏതാനും ദിവസങ്ങൾക്കുശേഷം അവൾ കോട്ടയത്ത് വരുന്നു എന്നറിഞ്ഞ് ഞാനും രണ്ട് കൂട്ടുകാരും കൂടി കുരിശുപള്ളിക്കു സമീപം അവർ താമസിച്ച വീട്ടിൽ പോയി. ആ പെൺകുട്ടി ഒരു മുറിയിൽ കസേരയിൽ ഇരിക്കുകയായിരുന്നു. ഞങ്ങൾ കൈവെള്ളയിലെ ആണിപ്പാടുകൾ കണ്ടു. ആ മുറിയിൽ അയ്മനം കല്ലുങ്കത്ര പള്ളി വികാരി ചാലാശ്ശേരി അച്ചനും വേറെ രണ്ടുമൂന്നു ആളുകളും ഉണ്ടായിരുന്നു. ഏകദേശം പത്തു മിനിറ്റ് കഴിഞ്ഞ് പുരപ്പുറത്ത് ആലിപ്പഴം വീഴുന്നപോലെ ശബ്ദം ഉണ്ടായി. തുടർന്ന് പല്ലി മുട്ടായി പോലെ വെളുത്ത സാധനം മുറിക്കകത്ത് മുകളിൽ നിന്ന് ചിതറി വീഴുവാൻ തുടങ്ങി. ഞങ്ങൾ ആ അത്ഭുതം കണ്ട് സ്തംഭിച്ച് നിന്നുപോയി. ചാലാശ്ശേരിൽ അച്ചൻ അതു സ്വർഗ്ഗത്തിൽ നിന്ന് വീണ മന്ന ആണെന്നു പറഞ്ഞു രുചിച്ചുനോക്കി പുളിരസമായിരുന്നു.

എനിക്ക് അന്ന് പന്ത്രണ്ടു വയസ്സ് പ്രായമായിരുന്നു. ബാലമനസ്സായിരുന്നതുകൊണ്ട് ഒട്ടും സംശയിക്കാതെ അത് ദൈവം കാണിച്ച അത്ഭുതമായിട്ട് പരിപൂർണ്ണമായി വിശ്വസിച്ചു. ഇപ്പോഴും വിശ്വസിക്കുന്നു. തുടർന്ന് ആ പെൺകുട്ടി പാത്താമുട്ടത്തുള്ള ബഹുമാനപ്പെട്ട മാളിയേക്കൽ കുറിയാക്കോസ് റമ്പാച്ചന്റെ പള്ളിയിൽ കുറെ ദിവസങ്ങൾ താമസിച്ചു. അത്ഭുതങ്ങൾ അവിടെയും ആവർത്തിച്ചു. രോഗികൾ സൗഖ്യമായി. ആളുകൾ തടിച്ചുകൂടി.

മലങ്കരസഭാ മാസികയിലെ ലേഖനത്തിൽ പറയുന്നതുപോലെ കുഞ്ഞമ്മ എന്ന പെൺകുട്ടിക്ക് ആദ്യം കർത്താവ് വെളിപ്പെടുന്നത് ഇലഞ്ഞിക്കൽ കുടുംബവകയായി ആ തറവാട്ടുമുറ്റത്തുള്ള ദേവാലയത്തിൽ വച്ചാണ്. ഈ ദേവാലയത്തിന് ഒരു അത്ഭുത ചരിത്രമുണ്ട്. ആ കാര്യത്തെപ്പറ്റി മാമ്മൻ മാപ്പിള തന്റെ "ജീവിത സ്മരണകൾ" എന്ന പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട് (പേജ് 10, 11).

നൂറ്റാണ്ടുകൾക്കു മുമ്പ് ഇലഞ്ഞിക്കൽ തറവാട്ടുമുറ്റത്ത് മാർ ഗ്രീഗോറിയോസിന്റെ നാമത്തിൽ ഒരു ദേവാലയം പണിയാൻ ഇടയായത് അതിശയം തന്നെ. ആ ദേവാലയം പണിയിച്ച ഗൃഹനാഥന്റെ കൊച്ചുമകൾക്ക് അതേ ദേവാലയത്തിൽ വച്ച് കർതൃദർശനം ഉണ്ടായതും അത്ഭുതം. ആ പെൺകുട്ടിയുടെ ദേഹത്ത് കർത്താവിന്റെ പഞ്ചക്ഷതങ്ങൾ പ്രത്യക്ഷപ്പെട്ടതും മന്നാ പൊഴിഞ്ഞതും അവരുടെ പ്രാർത്ഥനയിൽ രോഗസൗഖ്യം ഉണ്ടായതും അതിശയങ്ങൾ തന്നെ.

തിരുസഭയിൽ കന്യാസ്ത്രീയായും പിന്നീട് മദറായി ഉയർത്തപ്പെടുകയും, വെറും കൈയായി മുളന്തുരുത്തിയിൽ ചെന്ന് ഒട്ടും പ്രതീക്ഷിക്കാത്തിടത്തു നിന്ന് കിട്ടിയ സാമ്പത്തിക സഹായം കൊണ്ട് മനോഹരമായ ഒരു ദേവാലയം മറ്റൊരു പരിശുദ്ധ ഗ്രീഗോറിയോസിന്റെ നാമത്തിൽ പണിയിക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതു വലിയ ദൈവകൃപ തന്നെയാണ്.

മേൽപ്പറഞ്ഞ സെപ്റ്റംബർ ലക്കത്തിലെ വാർത്ത കണ്ടതിനുശേഷം ഞാൻ മാർ ഗ്രീഗോറിയോസ് ആശ്രമത്തിൽ ചെന്ന് അമ്മയെ കണ്ടു. പഴയ കാര്യങ്ങൾ ഓർമ്മിപ്പിച്ചപ്പോൾ വളരെ സന്തോഷിച്ചു. അടുത്ത് വിളിച്ചിരുത്തി ഫോട്ടോ എടുപ്പിച്ചു. അനുഗ്രഹിച്ചയച്ചു."

■